"ഭരണഭാഷ - മാതൃഭാഷ"

നം: പി എൽ (1)/77458/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 23.12.2016

## സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി' മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് വിവിധ തലങ്ങളിലുള്ള മിഷനുകളുടെയും കർമ്മസേനകളുടെയും ദൗത്യങ്ങൾ നിർവ്വചിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സർക്കാർ ഉത്തരവ് നം.186/2016/പൊ.വി.വ.തീയതി, 07.11.2016.
2. സർക്കാർ ഉത്തരവ് നം.202/2016/പൊ.വി.വ.തീയതി, 08.12.2016.
3. സർക്കാർ ഉത്തരവ് നം.203/2016/പൊ.വി.വ.തീയതി, 08.12.2016

******

പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവത്ക്കരിക്കുക എന്ന ഉദ്ദേശത്തോടു കൂടി ആവിഷ്ക്കരിക്കുന്ന പദ്ധതിയായ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" പദ്ധതി (സൂചന 1) മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (2, 3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതിന് രൂപീകൃതമായിട്ടുള്ള വിവിധ കർമ്മസേനകളിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### ജില്ലാതല കർമ്മസേന

1. ജില്ലാ കളക്ടർ - ചെയർമാൻ.
2. വിദ്യാഭ്യാസ ഉപ ഡയറക്ടർ - കോ-ഓർഡിനേറ്റർ.

**അംഗങ്ങൾ**

3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.
4. എസ്.എസ്.എ.ജില്ലാ പ്രോജക്ട് ഓഫീസർ.
5. ആർ.എം.എസ്.എ യുടെ ബന്ധപ്പെട്ട ഓഫീസർ.
6. ബന്ധപ്പെട്ട ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ.
7. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ അസിസ്റ്റന്റ് ഡയറക്ടർ.
8. ഐ.റ്റി @ സ്കൂൾ കോ-ഓർഡിനേറ്റർ.
9. എ.എസ്.എ.പി. ജില്ലാതല പ്രോജക്ട് മാനേജർ.
10. ഡയറ്റ് പ്രിൻസിപ്പൽ.
11. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിട വിഭാഗം).

കൂടാതെ പ്രവർത്തന സമിതിയിൽ ചെയർമാന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് ജില്ലാ കളക്ടർക്ക് അനുയോജ്യരായ രണ്ടോ മൂന്നോ ഉദ്യോഗസ്ഥരെ പദ്ധതി നിർവ്വഹണ ക്രോഡീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി നിയമിക്കാവുന്നതാണ്.

### മണ്ഡലതല കമ്മിറ്റി

1. രക്ഷാധികാരി - എം.പി.
2. പ്രസിഡന്റ് - എം.എൽ.എ.
3. കൺവീനർ - ജില്ലാ വിദ്യാഭ്യാസ ഓഫീസർ.
4. കോ-ഓർഡിനേറ്റർ - ജില്ലാ പ്രോജക്ട് ഓഫീസർ (എസ്.എസ്.എ)

**<u>തദ്ദേശ സ്വയംഭരണതല കമ്മിറ്റി</u>**

1. പ്രസിഡന്റ് - പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എൽ.പി/ യു.പി.സ്കൂളുകൾ, എച്ച്.എസ്/ എച്ച്.എസ്.എസ്./ വി.എച്ച്.എസ്.സ്കൂളുകൾ - ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ.
2. കൺവീനർ - ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ.
3. കോ-ഓർഡിനേറ്റർ - എസ്.എസ്.എ.ക്ലസ്റ്റർ കോ-ഓർഡിനേറ്റർ
4. അംഗം - ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.

**<u>സ്കൂൾതല കമ്മിറ്റി അംഗങ്ങൾ</u>**

1. ബന്ധപ്പെട്ട സ്കൂളിലെ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ.
2. പഞ്ചായത്ത് മെമ്പർ/വാർഡ് കൗൺസിലർ.
3. പി.റ്റി.എ പ്രസിഡന്റ്/സെക്രട്ടറിമാർ
4. രണ്ട് പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ.
5. ഐ.റ്റി.കോ-ഓർഡിനേറ്റർ.
6. ക്ലസ്റ്റർ കോ-ഓർഡിനേറ്റർ(എസ്.എസ്.എ).
7. ബന്ധപ്പെട്ട പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ എഞ്ചിനീയർ. (തദ്ദേശ സ്വയംഭരണം)-മേൽനോട്ടം.

**<u>ജില്ലാതല മിഷന്റെ ദൗത്യങ്ങൾ</u>**

1. മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടേണ്ട സർക്കാർ സ്കൂളുകൾ, സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തുക.
2. ഈ സ്കൂളുകളിൽ പി.റ്റി.എ, മദർ.പി.റ്റി.എ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, പ്രാദേശിക ജനകീയ സംഘടനകൾ എന്നിവയെ പദ്ധതി നടത്തിപ്പുമായി ആർജ്ജവമായി കൂട്ടിയോജിപ്പിക്കുന്നതിന് നേതൃത്വം നൽകുക.
3. മിഷൻ ടാസ്ക് ഫോഴ്സ് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ അംഗീകരിക്കുക.
4. പദ്ധതി അവലോകനം, കോ-ഓർഡിനേഷൻ പ്രവർത്തനങ്ങൾ, പദ്ധതി പുരോഗതി വിലയിരുത്തൽ എന്നിവ.
5. പദ്ധതി നിർവ്വഹണത്തിനുവേണ്ടി സർക്കാർ ധനസഹായത്തിനുപരിയായി വിവിധ സ്രോതസ്സുകളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിപ്പെടുത്തുക.
6. ഫണ്ട് വിനിയോഗത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**<u>മണ്ഡലതല കമ്മിറ്റിയുടെ ദൗത്യങ്ങൾ</u>**

മണ്ഡലത്തിലെ വിവിധതലങ്ങളിലുള്ള സ്കൂളുകളുടെ ഒരു നിജസ്ഥിതി റിപ്പോർട്ട് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടേണ്ട മൂന്ന് സ്കൂളുകൾ ഉൾപ്പെടുന്ന ഒരു പാനൽ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കി ജില്ലാതലമിഷന് സമർപ്പിക്കുക.

പദ്ധതി അവലോകനം മണ്ഡലതല കമ്മിറ്റിയുടെ നിയന്ത്രണത്തിലായിരിക്കും. സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം എൽ.പി/യു.പി സ്കൂളുകളുടെയും എച്ച്.എസ്/എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് സ്കൂളുകളുടെയും ഒരു പാനൽ തയ്യാറാക്കുകയും ആയത് ജില്ലാതല മിഷൻ മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്യുക. പ്രസ്തുത പാനലിൽ നിന്നും ജില്ലാതല മിഷൻ ഡെസിഗ്നേറ്റഡ് മന്ത്രിയുടെ സാന്നിധ്യത്തിൽ അർഹതാടിസ്ഥാനത്തിൽ സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും.

ന് ന്തൽക്കുളം, കലാ-കായിക സാംസ്ക്കാരിക പാർക്ക്, ഓട്ടിസം പാർക്ക് എന്നിവ മണ്ഡലാ ിസ്ഥാനത്തിൽ ഒരെണ്ണം വീതം സ്ഥാപിക്കുന്നതിനായുള്ള സ്കൂളും തെരഞ്ഞെടുക്കുക.

## <u>മിഷൻ മാതൃകയിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>

07.11.2007 തീയതിയിലെ സ.ഉ.(പി)408/07/ധന., 07.08.2015 തീയതിയിലെ സ.ഉ.(പി) 339/15/ധന ., 27.07.2016 ലെ സ.ഉ(പി)/106/16/ധന. തുടങ്ങിയ സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകാ ം ലഭിച്ചിട്ടുള്ള ഏജൻസികളുടെ സേവനം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പ്രയോജ പ്പെടുത്താവുന്നതാണ്.

- അംഗീകൃത ഏജൻസികൾ ജനകീയ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള പ്ലാനും, ഡിസൈനും ഓരോ സ്കൂളിലും പ്രത്യേകമായി തയ്യാറാക്കേണ്ടതാണ്. എല്ലാ വിദ്യാലയങ്ങളുടേയും മാസ്റ്റർ പ്ലാനിൽ ഒരു ജൈവ-വൈവിധ്യ പാർക്ക് ഉൾക്കൊള്ളിക്കേണ്ടതാണ്.
- ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ വിദ്യാഭ്യാസ വിചക്ഷണൻമാരുടെയും ചുവടെ ചേർക്കുന്ന അംഗങ്ങളടങ്ങുന്ന സ്കൂൾതല കമ്മിറ്റിയുടെയും ഒരു യോഗം എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചു ചേർക്കേണ്ടതും അതിൽ നിന്നും ലഭ്യമാകുന്ന നിർദ്ദേശങ്ങൾ കൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ പരിഗണിക്കേണ്ടതുമാണ്.

മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടാൻ തെരഞ്ഞെടുക്കുന്ന സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക ുമ്പോൾ പരിഗണിക്കേണ്ട വിവിധ മാനദണ്ഡങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തി ൽ ചുവടെ ചേർക്കുന്ന സൂചകങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

1. സ ുരക്ഷിതമായ കെട്ടിടങ്ങൾ.
2. ശ ചി മുറി.
3. ഭി ന്നശേഷിക്കുട്ടികൾക്കുതകുന്ന ശുചിമുറികൾ.
4. പ ുൽപ്പാടുകൂടിയ തുറസ്സായ കളിസ്ഥലം.
5. ഇ ർഡോർ സ്റ്റേഡിയം.
6. ല ബോറട്ടറികൾ.
7. സ് മാർട്ട് ക്ലാസ്സ് റൂമുകൾ.
8. വ ത്തിയുള്ള അടുക്കള.
9. ഡ യനിംഗ് ഹാൾ.
10. ഭി ന്നശേഷിയുള്ള കുട്ടികളുടെ സുഗമമായ സഞ്ചാരത്തിനുതകുന്ന സ ംവിധാനം.
11. ഹ രിത കാമ്പസ് ആശയം.
12. റി ക്രിയേഷണൽ ഗാർഡൻ.
13. ബ ിൽഡിംഗ് മാനേജ്മെന്റ് സംവിധാനം.
14. മി ന്നൽ-രക്ഷാചാലകം.
15. പ ബ്ലിക് അഡ്രസ്സ് സിസ്റ്റം.
16. അ ഗ്നി ശമന സംവിധാനം.
17. ശ ൗചാലയങ്ങൾ.
18. ക മ്യൂണിറ്റി ഏരിയ.
19. ലൈ ബ്രറി.
20. ഓ ഡിയോ-വിഷ്വൽ തീയറ്റർ.
21. ഓ ഡിറ്റോറിയം.
22. യ ൂണിഫോമും, ബുക്ക് സ്റ്റോറും.
23. ഡെ ഡികെയർ/കൗൺസിലിംഗ് സെന്റർ.
24. സ് പെഷ്യൽ എജ്യൂക്കേഷൻ സെന്റർ.

25. സ്വന്തമായി ബസുകൾ.

26. പഠനമുറികൾ.

- മികവിന്റെ കേന്ദ്രങ്ങളുടെ നിർമ്മാണത്തിൽ ബന്ധപ്പെട്ട എം.എൽ.എ യും ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനും ഇതര സ്കൂളുകളുടെ നിർമ്മാണത്തിന് തദ്ദേശസ്വയംഭരണതല കമ്മിറ്റിയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതായത് എൽ.പി/യു.പി. സ്കൂളുകൾ-ഗ്രാമ പഞ്ചായത്ത്, പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂളുകൾ- ജില്ലാ പഞ്ചായത്ത്.
- ഇപ്രകാരം അംഗീകൃത ഏജൻസി ആർക്കിടെക്ചറൽ പ്ലാൻ ഉൾപ്പെടുന്ന വിശദമായ ഡിസൈനോടുകൂടിയ ശാസ്ത്രീയ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും ഇതിലേക്ക് ഉചിതമായ പ്രതിഫലം അംഗീകൃത ഏജൻസിക്ക് നൽകാവുന്നതുമാണ്.
- അംഗീകൃത ഏജൻസികളുമായി ചർച്ച ചെയ്ത് നിലവിലുള്ള പി.ഡബ്ല്യു.ഡി എസ്.ഒ.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശ
- സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനായിരിക്കും.
- ഇപ്രകാരം തയ്യാറാക്കിയ ഡി.പി.ആർ. പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർമാർ, എസ്.സി.ഇ.ആർ.ടി, ആർ.എം.എസ്.എ ഡയറക്ടർമാർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി മുൻപാകെ സ്ക്രൂട്ടിണിക്കായി സമർപ്പിക്കുകയും, ശേഷം വകുപ്പുതല അംഗീകാരത്തോടുകൂടി ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

മേൽ സൂചിപ്പിച്ചിരിക്കുന്ന സർക്കുലറിലെ നിർദ്ദേശങ്ങൾ അടിയന്തിരമായും കൃത്യമായും നടപ്പിൽ വരുത്തുന്നതിനായി ഈ സർക്കുലർ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകി സ്കൂളുകളുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായുള്ള നിർദ്ദേശങ്ങൾ ഉടനടി പൂർത്തികരിക്കേണ്ടതും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് 11/01/201 -ന് മുമ്പായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നൽകേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി